## പതിമൂന്നാം കേരളനിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 3726 — 17.12.2015-ൽ മറുപടിക്ക്

### കാസർഗോഡ് ജില്ലയിൽ രജിസ്റ്റർ ചെയ്ത കേസ്സുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | ശ്രീ. രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിലെ വിവിധ പോലീസ് സ്റ്റേഷനുകളിലായി എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിലെ വിവിധ പോലീസ് സ്റ്റേഷനുകളിലായി 54,916 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) ഇതിൽ വർഗ്ഗീയ സംഘർഷങ്ങൾ, രാഷ്ട്രീയ സംഘർഷങ്ങൾ, സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ, എസ്.സി/എസ്.ടി വിഭാഗക്കാർക്കെതിരെയുള്ള അക്രമങ്ങൾ, ബാലപീഡനം, ഭവനഭേദനം, കളവ് എന്നീ വിഭാഗത്തിൽപ്പെട്ട കേസ്സുകൾ എത്രയാണെന്ന് തരം തിരിച്ച് വിശദമാക്കാമോ; | (ബി) കേസുകളുടെ വിവരം തരംതിരിച്ച് ചുവടെ ചേർക്കുന്നു. |

| കേസുകളുടെ വിഭാഗം | കേസുകളുടെ എണ്ണം |
|---|---|
| വർഗ്ഗീയ സംഘർഷങ്ങൾ | 289 |
| രാഷ്ട്രീയ സംഘർഷങ്ങൾ | 805 |
| സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ | 2930 |
| എസ്.സി./എസ്.ടി. വിഭാഗങ്ങൾക്കെതിരെയുള്ള അക്രമങ്ങൾ | 197 |
| ബാലപീഡനം | 579 |
| ഭവന ഭേദനം | 617 |
| കളവ് | 770 |

| ചോദ്യം | മറുപടി |
|---|---|
| (സി) കാസർഗോഡ് ജില്ലയിൽ ഈ സർക്കാറിന്റെ കാലത്ത് രാഷ്ട്രീയ എതിരാളികളുടെ അക്രമത്തിൽപ്പെട്ട് എത്രപേർ മരണപ്പെട്ടിട്ടുണ്ട്; മരണപ്പെട്ടവർ ഏത് രാഷ്ട്രീയകക്ഷിയിൽപ്പെട്ടവരാണെന്നും അക്രമികൾ ഏത് രാഷ്ട്രീയകക്ഷിയിൽപ്പെട്ടവരാണെന്നും വിശദമാക്കാമോ? | (സി) കാസർഗോഡ് ജില്ലയിൽ ഈ സർക്കാരിന്റെ കാലത്ത് രാഷ്ട്രീയ എതിരാളികളുടെ അക്രമത്തിൽപ്പെട്ട് 2 പേർ മരണമടഞ്ഞിട്ടുണ്ട്. ഇതിൽ മരണപ്പെട്ടവർ സി.പി.ഐ.(എം) പ്രവർത്തകരും അക്രമികൾ കോൺഗ്രസ്സ്/ബി.ജെ.പി. പ്രവർത്തകരുമാണ്. |

സെക്ഷൻ ഓഫീസർ